**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2746** **06-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ. എസ്. ഇ. ബി. ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ അംഗീകൃത തസ്തികകൾ എത്രയെണ്ണം ഉണ്ടെന്ന് ക്വാട്ട തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ നിലവിലുള്ള വേക്കൻസികളുടെ വിശദാംശവും ക്വാട്ട തിരിച്ച് ലഭ്യമാക്കാമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ പുനഃഘടനാ നടപടികൾ പുരോഗമിച്ചുവരുന്നു. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.) തസ്തികയിലെ അംഗീകൃത എണ്ണവും, ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (ബി) | അവയിൽ നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള 40% ഡിഗ്രി ക്വാട്ട ഒഴിവുകളിൽ എത്ര എണ്ണം പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതായി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ പുനഃഘടനാ നടപടികൾ പുരോഗമിച്ചുവരുന്നു. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.) തസ്തികയിലെ അംഗീകൃത എണ്ണവും ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (സി) | ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള 40% ക്വാട്ടയിലെ ഫ്രെഷ് വേക്കൻസി പി. എസ്. സി. യിലേയ്ക്ക് എന്നാണ് അവസാനമായി റിപ്പോർട്ട് ചെയ്തത്; ഏത് തീയതി മുതൽ നിലവിൽ വന്ന ഒഴിവുകളാണ് പി. എസ്. സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാനായി ഉള്ളത്; പ്രസ്തുത വേക്കൻസികൾ പി. എസ്. സി. യിലേക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനമായ 40 ശതമാനം ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സിക്ക് അവസാനമായി റിപ്പോർട്ട് ചെയ്തത് 04.01.2025-നാണ്. അതനുസരിച്ച് നിയമനങ്ങളും നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ